"ഭരണഭാഷ മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി1/6373/14 (1)

ചാക്ക, തിരുവനന്തപുരം 07
തീയതി : 09/07/2014

## വിജ്ഞാപനം

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ/ആഗസ്റ്റ് 2014 ഒന്നാം സെമസ്റ്റർ പരീക്ഷയിൽ പരാജയപ്പെട്ട ട്രെയിനികൾക്ക് ഒന്നാം സെമസ്റ്റർ (സപ്ലിമെൻററി) എഴുതുന്നതിനും 18/06/2014 തീയതിയിലെ എഫ്3/3456/2014(1) ഉത്തരവ് പ്രകാരം യോഗ്യതയുള്ള ട്രെയിനികൾക്ക് ഒന്നാം സെമസ്റ്റർ പരീക്ഷ എഴുതുന്നതിനും അപേക്ഷ ക്ഷണിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

2014 ഫെബ്രുവരി മാസത്തിൽ നടന്ന ഒന്നാം സെമസ്റ്റർ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് പരീക്ഷ എഴുതി പരാജയപ്പെട്ട ട്രെയിനികൾക്ക് അവർ പരാജയപ്പെട്ട വിഷയങ്ങൾ ജൂലൈ/ആഗസ്റ്റ് 2014 ൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ എഴുതുന്നതിന് അപേക്ഷ ക്ഷണിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുകയും എന്നാൽ 80% ഹാജർ നേടാത്ത കാരണത്താൽ ചില ട്രെയിനികൾക്ക് ഒന്നാം സെമസ്റ്റർ പരീക്ഷ എഴുതുവാൻ സാധിച്ചിട്ടില്ല. എന്നാൽ ടി ട്രെയിനികൾ രണ്ടാം സെമസ്റ്ററിൽ തുടർന്ന് പഠിച്ച് 80% ഹാജർ നേടുകയും ഇതിനോടൊപ്പം ഒന്നാം സെമസ്റ്ററിൽ കുറവുള്ള ഹാജർ രണ്ടാം സെമസ്റ്ററിനോടൊപ്പം നേടുകയും ചെയ്തിട്ടുള്ളവർക്ക് 2014 ജൂലൈ മാസം നടത്തുന്ന ഒന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് 18/06/2014 തീയതിയിലെ എഫ്3/3456/2014(1) ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ടി ഉത്തരവിൽ ഉൾപ്പെട്ട ട്രെയിനികൾക്കും ടി വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

അപേക്ഷകൾ **ഓൺ ലൈൻ മുഖാന്തിരമാണ്** സമർപ്പിക്കേണ്ടത്. ഇതിനായി ഓരോ സ്ഥാപനത്തിനും ഓരോ യൂസർ ഐ.ഡി. യും പാസ്സ് വേർഡും നൽകുന്നതായിരിക്കും ടി വിവരങ്ങൾ ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ മുഖേന അറിയാവുന്നതാണ്. **16/07/2014 മുതൽ 21/07/2014** വരെ ഓരോ സ്ഥാപനത്തിനും ടി യൂസർ ഐ.ഡി.യും പാസ്സ് വേർഡും ഉപയോഗിച്ച് വകുപ്പ് വെബ് സൈറ്റ് www.det.kerala.gov.in മുഖേന ഓൺ ലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓൺ ലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ സ്വീകരിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

എല്ലാ ഗവൺമെൻറ്/പ്രൈവറ്റ് ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും

പകർപ്പ്

1. ഡയറക്ടറുടെ സി.എ./എ.ഡി.റ്റി/സ്പെഷ്യൽ ഓഫീസർ (എസ്.ടി.ഐ. കഴക്കൂട്ടം)/എസ്.പി.ഡി. (എസ്.പി.ഐ.യു.)/ജെ.ഡി.റ്റി./ജെ.ഡി. (ആർ.ജെ.ഡി. കണ്ണൂർ)
2. ഡി.എസ്.എ/ ഡി.ഡി.റ്റി./ ഡി.ഡി.(പി), എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും
3. എസ്.എസ്. (ജി), കരുതൽ ഫയൽ (ജി1)
3. വകുപ്പ് വെബ്സൈറ്റിലേയ്ക്ക്